MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

**വാർത്താക്കുറിപ്പ്**
**2026 നവംബർ 25**

## സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം

സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ 25-ന് പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് ഡിസംബർ 9-ന് നടക്കും. പ്രിലിമിനറി ഇലക്ടറൽ റോൾ നവംബർ 26-ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.
പി.ആർ.ഒ/1056/2026

## സൗജന്യ തൊഴിൽ മേള

മഹാത്മാഗാന്ധി സർവകലാശാല മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 5-ന് രാവിലെ 10 മണി മുതൽ 200-ഓളം ഒഴിവുകളിലേക്ക് സൗജന്യ തൊഴിൽ മേള നടത്തുന്നു. എസ്.എസ്.എൽ.സി. മുതൽ ബിരുദം, ബി.ടെക്, എം.ബി.എ. തുടങ്ങി വിവിധ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. ഡിസംബർ 4-നകം https://shorturl.at/OJSsG വഴി രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് www.facebook.com/MCCKTM സന്ദർശിക്കുക. ഫോൺ -0481-2731025, 9495628626, 6282317660
പി.ആർ.ഒ/1057/2026

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ-ലേണിംഗ് ഡിസെബിലിറ്റി) (2025 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഡിസംബർ 2 മുതൽ നടക്കും. നവംബർ 27 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 28 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 30 വരെയും അപേക്ഷ സ്വീകരിക്കും.
പി.ആർ.ഒ/1058/2026

## പരീക്ഷാ തീയതി

ഡിസംബർ 11 മുതൽ നടക്കുന്ന മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ സപ്ലിമെന്ററി, 2020-2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാ ടൈം ടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പി.ആർ.ഒ/1059/2026

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബിഎ മ്യൂസിക്ക് ആൻഡ് വോക്കൽ (സിബിസിഎസ്) (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 27ന് തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക്ക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/1060/2026

**പരീക്ഷാ ഫലം**

രണ്ടാം സെമസ്റ്റർ എംബിഎ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ) ജൂൺ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

—---------
ഒന്നാം സെമസ്റ്റർ എംഎ ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.
പി.ആർ.ഒ/1061/2026
**പബ്ലിക് റിലേഷൻസ് ഓഫീസർ**